ഉത്തരം

(എ) പാലങ്ങളുടെ പണിക്ക് ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് എന്നു തുടങ്ങും എന്ന് ഇപ്പോഴും പറയാൻ നിവർത്തിയില്ല.

(ബി) ഇല്ല.

(സി) 'എ' വിഭാഗത്തിന്റെ ഉത്തരം കാണുക.

കിളിമാനൂർ കടയ്ക്കൽ അടയമൺ റോഡ്

733 [1068] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മുതൽ കടയ്ക്കൽ അടയമൺ വരെയുള്ള റോഡിന്റെ പണിക്കുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നോ;

(ബി) അതേക്കുറിച്ചുള്ള അന്വേഷണങ്ങളും മറ്റു നടപടികളും എതു വരെയായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ പണി പൂർത്തീകരിക്കാൻ എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എന്നത്തേയ്ക്ക് ഈ റോഡ് പണി പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിന്റെ പണിയുടെ കണക്കു തീർക്കാൻ ബഡ്ജറ്റിൽ 100 രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ടാറിംഗ് ഒഴിച്ചുള്ള പണികളും മുഴുവനും വർഷാരംഭത്തിനു മുമ്പു തന്നെ തീർന്നു കഴിഞ്ഞു.

(സി & ഡി) പണിചെയ്ത കരാറുകാരന്റെ കണക്കു തീർത്തശേഷം ബാക്കി പണികളും ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പണി പൂർത്തീകരിക്കാൻ എന്തു ചെലവാകുമെന്ന് ഇപ്പോഴും പറയാൻ നിർവ്വാഹമില്ല.

പ്രഗൽഭരായ കായിക താരങ്ങൾക്ക് പ്രോൽസാഹനങ്ങൾ

734 [1069] ശ്രീ. വട്ടിയൂർക്കാവ് രവി:

ശ്രീ. ആർ. സുശീലൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തെ പ്രഗൽഭരായ കായിക താരങ്ങളെ കണ്ടു പിടിച്ച് അവർക്കാവശ്യമായ പ്രോൽസാഹനങ്ങൾ നൽകുവാൻ ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly